**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **27-01-2026 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിലെ ഇ-മാലിന്യശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരഞ്ഞെടുത്ത നഗരസഭകളിൽ ആരംഭിച്ച ഇ-മാലിന്യ ശേഖരണം നിലവിൽ ഏതു ഘട്ടത്തിലാണ്; എത്ര നഗരസഭകളിൽ പ്രവർത്തനം ആരംഭിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഹരിത കർമ്മ സേന വഴി വീട്ടുകളില്ലും സ്ഥാപനങ്ങളില്ലും നിന്നുള്ള ഇ-മാലിന്യ ശേഖരണ ഡ്രൈവ് 2024 ഡിസംബർ മാസം മുതൽ പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും, തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തെക്കുംകര ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, വൈക്കം മുനിസിപ്പാലിറ്റി, കുറിച്ചി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ആരംഭിക്കുകയും തുടർന്ന് മറ്റ് നഗരസഭകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ആകെ **93** നഗരസഭകളിൽ **84** നഗരസഭകളിലെ വീടുകളിൽ നിന്നുമായി ആകെ **92,563.995 കിലോഗ്രാം** ഇ-മാലിന്യങ്ങളും **11,556.05 കിലോഗ്രാം** ഇ-ഹസാർഡസ് മാലിന്യങ്ങളും കൃത്യമായി ശേഖരിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി ആകെ **12,64,903.15/- രൂപ** പൊതു ജനങ്ങൾക്ക് നൽകുവാൻ സാധിച്ചു. ഒക്ടോബറിൽ ആരംഭിച്ച മൂന്നാം ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി വിപുലീകരിച്ചിരിച്ചിട്ടുണ്ട്. ഇപ്രകാരം നടത്തിയ ശേഖരണത്തിൽ 170 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 39.51 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ചിട്ടുണ്ട് . |
| (ബി) | ഇതിനായി ക്ലീൻ കേരള കമ്പനിയും ശുചിത്വ മിഷനും നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ഇ-മാലിന്യ ശേഖരണത്തിന്റെ പ്രചാരണത്തിന് ആവശ്യമായ IEC (Information Education and Communication) -പ്ലാൻ തയ്യാറാക്കുന്ന ചുമതലയും അവ നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യമായ സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുക, ഇ-മാലിന്യ ശേഖരണം കൈകാര്യം ചെയ്യൽ, സുരക്ഷിതമായി |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ അവബോധം നൽകുക എന്നീ പ്രവർത്തനങ്ങളാണ് ശുചിത മിഷൻ നടത്തി വരുന്നത്.<br><br>ശേഖരിക്കുന്ന ഇ-മാലിന്യത്തിന്റെ ഇനം തിരിച്ചുള്ള വില വിവര പട്ടിക പ്രകാരമുള്ള വില തദ്ദേശ സ്ഥാപനത്തിന് കൈമാറുക. ഏതൊക്കെ ഇ-മാലിന്യമാണ് ശഖരിക്കുന്നത് ഇതിൽ പുനചംക്രമണ സാധ്യമായതും അപകടകരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെയാണ് , ഓരോ ഇനത്തിന്റെയും വില, ശേഖരണ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച പരിശീലനം ഹരിതകർമ്മസേനയ്ക്ക് നൽകുക. ശേകരണം പൂർത്തിയാക്കി അറിയിപ്പ് ലഭിക്കുന്നതിനനുസരിച്ച് ശേഖരിച്ച ഇ-മാലിന്യം കൃത്യമായി ലിഫ്റ്റ് ചെയ്യുകയും അതിനുള്ള വില നൽകുകയും ചെയ്യുക എന്നീ പ്രവർത്തനങ്ങൾ ആണ് ക്ലീൻ കേരള കമ്പനി നടത്തി വരുന്നത്.<br><br>കൂടാതെ 19.10.2025-ലെ GO(Rt) No.2531/2025/LSGD പ്രകാരം ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് പുറപ്പെടുവിച്ച Standard Operating Procedure (SOP) പാലിക്കുന്നതിലേയ്ക്കുള്ള നിർദ്ദേശവും ആവശ്യമായ ട്രയിനിംഗും ക്ലീൻ കേരള കമ്പനിയും, ശുചിത്വമിഷനും ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ഇ-വേസ്റ്റ് കളക്ഷൻ ഡ്രൈവുമായി ബന്ധപ്പെട്ട് ബീക്കൻ മുനിസിപ്പാലിറ്റികളെ തിരഞ്ഞെടുത്ത് അവിടെ ഇ-വേസ്റ്റ് കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനകൾക്കുള്ള പരിശീലനം പൊതുജനങ്ങൾക്ക് ക്യാമ്പയിനെ കുറിച്ചുള്ള അവബോധം എന്നിവയും നൽകി വരുന്നുണ്ട്. കൂടാതെ ശേഖരിക്കപ്പെടുന്ന ഇ-മാലിന്യങ്ങൾ സംഭരിക്കുന്നതിനും, പരിപാലനം നടത്തുന്നതിനുമുള്ള സംവിധാനങ്ങളും ഒരുക്കുന്നുണ്ട്. |
| (സി) | സംസ്ഥാനമൊട്ടാകെ ഇത് നടപ്പാക്കാനായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും ആയതു എപ്പോൾ പ്രാവർത്തികമാകുമെന്നും വ്യക്തമാക്കുമോ? | (സി) | പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളുടെ ശേഖരണം, വേർതിരിക്കൽ, സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ, തരം തിരിച്ച് ശേഖരിച്ച് അംഗീകൃത റീസൈക്ലറിനോ റീഫർബിഷറിനോ കൈമാറൽ തുടങ്ങിയവ തദ്ദേശ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്വമാണ്. ആപത്ക്കര ഇ-മാലിന്യം ഉൾപ്പെടെയുള്ള മാലിന്യം അനധികൃത ശേഖരണ കച്ചവടക്കാർക്ക് കൈമാറുകയും അവർ അതിൽ നിന്നും മൂല്യമുള്ളത് എടുത്തതിന് ശേഷം മറ്റ് ആപത്ക്കര ഇ- |

| | | | | |
|---|---|---|---|---|
| | | | | മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, പിക്ച്ചർ ട്യൂബ് തുടങ്ങിയവ ജലസ്രോതസ്സിലേക്കും പൊതു സ്ഥലത്തേക്കും വലിച്ചെറിയുന്ന പ്രവണതയും ഉള്ളതിനാലാണ് ഇ-മാലിന്യം സമ്പൂർണമായി ശേഖരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. അജൈവ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന മുഖേന വർഷത്തിൽ 2 തവണ ഇ-മാലിന്യം ശേഖരിക്കുന്നതിനുള്ള ക്രമീകരണമുണ്ട്. ഇ-മാലിന്യം കൃത്യമായി ഹരിതകർമ്മസേനക്ക് കൈമാറാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കാനുള്ള വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളത്. പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യ ശേഖരണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉപഭോക്താക്കൾക്ക് വില നൽകി ശേഖരിക്കുന്ന രീതിയാണ് നിലവിൽ നടപ്പാക്കി വരുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും നിന്നും പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം വില നൽകി ഹരിത കർമ്മ സേന ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അതിനുള്ള വില ക്ലീൻ കേരള കമ്പനി ഹരിതകർമ്മ സേനക്ക് നൽകുന്നതാണ്. ഈ പദ്ധതി 2025 ജൂലൈ 15 മുതൽ എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ